**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3082** **11-03-2025 - ൽ മറുപടിയ്ക്ക്**

**പാലാ റിവർവ്യൂ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടാരമറ്റം മുതൽ ആർ. വി. പാർക്ക് വരെയുള്ള പാലാ റിവർവ്യൂ റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ തടസ്സങ്ങൾ പരിഹരിച്ച് റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | പാലാ റിവർവ്യൂ റോഡ് രണ്ടാംഘട്ട പൂർത്തീകരണത്തിന് ആർ.വി. പാർക്കിന് സമീപം പ്രാഥമിക സ്ഥലം ഏറ്റെടുപ്പ് നടപടികളിൽ റവന്യൂ വിഭാഗത്തിന് വിട്ടുപോയിട്ടുള്ള, ശ്രീ. പ്രകാശ്. എസ്. കോമളത്തിൽ വീട്, പാലാ പി.ഒ. എന്ന വ്യക്തിയുടെ കോമളം ഹോട്ടൽ എന്ന പേരിൽ പ്രവർത്തനം നടത്തുന്ന മീനച്ചിൽ താലൂക്കിൽ, ളാലം വില്ലേജിൽ ബ്ലോക്ക് നം. 80-ൽ റീസർവ്വേ നം. 18/40-ൽ 1 ആർ സ്ഥലം 2013 LARR ആക്റ്റ് പ്രകാരം ഏറ്റെടുക്കുന്നതിലുള്ള 11(1) വിജ്ഞാപനം 01.11.2024 തീയതിയിൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോമളം ഹോട്ടലിനോട് ചേർന്ന് വരുന്ന റവന്യൂ പുറമ്പോക്കിൽ ഉള്ള 0.2853 ഹെക്ടർ ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറി ലഭിക്കുന്നതിന് അപേക്ഷ റവന്യൂ വകുപ്പിലേക്ക് നൽകിയിട്ടുണ്ട്.<br><br>ഈ ഭാഗത്തെ സ്ഥലം ഏറ്റെടുപ്പിനും, നിർമ്മാണത്തിനും വേണ്ടി വരുന്ന അധിക തുകയും കൂടാതെ Price Escalation ന് വേണ്ട തുകയും ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് 53.15 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ